**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3504** **15-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ ഗ്രാമങ്ങളിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം താലൂക്കിൽ വെസ്റ്റ് വില്ലേജിൽ ഉൾപ്പെടുന്ന പള്ളിത്തോട്ടം, മൂതാക്കര എന്നീ മത്സ്യ ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത മേഖലകളിൽ പട്ടയം അനുവദിക്കുന്നതിന് നിയമപരമായും സാങ്കേതികപരമായും തടസ്സമില്ലാത്ത കേസുകളിൽ ആയത് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (എ) | കൊല്ലം പള്ളിത്തോട്ടം മുതൽ മൂതാക്കരവരെയുള്ള തീരദേശ മേഖലയിൽ താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കേണ്ട സ്ഥലങ്ങൾ കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 196, 197 എന്നിവയിൽ ഉൾപ്പെട്ടു വരുന്നു. ടി പ്രദേശങ്ങൾ വില്ലേജ് രേഖകൾ പ്രകാരം ***"കടൽ പുറമ്പോക്ക്"*** എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ കൈവശക്കാർക്ക് പതിച്ചു നൽകുന്നതിന് സാധിക്കാതെവരികയും, പ്രശ്നപരിഹാരത്തിനായി കൊല്ലം ജില്ലയിലെ പട്ടയ ഡാഷ് ബോർഡിൽ ടി വിഷയം ഉൾപ്പെടുത്തി, റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന പട്ടയ അദാലത്തിൽ ചർച്ച ചെയ്തിട്ടുള്ളതും, അദാലത്തിൽ കൈകൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ സർവ്വെ ഓഫ് ഇൻഡ്യയുടെ അനുമതിയോടെ സർവ്വെ ചെയ്തു കഡസ്ട്രൽ സർവ്വേയ്ക്ക് പുറത്തായി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ